"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 – കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2024 ന് ധനസഹായം അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.97/2025/Co-Op തീയതി,തിരുവനന്തപുരം, 21-02-2025

---

പരാമർശം:-
1. സ. ഉ (പി) നം.168/2024/സഹ തീയതി 29/08/2024
2. സ.ഉ (സാധാ) നം.57/2024/ധന തീയതി 17/07/2024
3. സ.ഉ (സാധാ) നം.76/2024/ധന തീയതി 31/08/2024
4. 15/11/2024 ലെ ചീഫ് സെക്രട്ടറിതല യോഗ മിനിറ്റ്സ്.
5. 16/12/2024 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
6. സഹകരണ സംഘം രജിസ്ട്രാറുടെ 06/01/2025 ലെ പി & എം എ(4) 12157/2024നം. കത്ത്.
7. സർക്കുലർ നം.35/2024/ധന തീയതി 12/06/2024
8. സ.ഉ (സാധാ) നം. 68/2025/സഹ തീയതി 03/02/2025

**<u>ഉത്തരവ്</u>**

കേരള സഹകരണസംഘം നിയമം വകുപ്പ് 57 E പ്രകാരം കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം-2024 പദ്ധതി രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം, അഴിമതി പോലുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഈ പദ്ധതിയിൽ പരാമർശിക്കുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2. സംസ്ഥാനത്തിന്റെ മാറിയ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പരാമർശം (2, 3) പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ 2024-25 സാമ്പത്തികവർഷത്തെ സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരം

കൂടിയ കമ്മിറ്റി അംഗീകരിച്ചിരുന്നു. തുടർന്ന് 'കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം-2024' ന് ധനസഹായം അനുവദിക്കുന്ന പ്രപ്പോസലിന് പരാമർശം (5) പ്രകാരമുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിരുന്നു. സഹകരണ വകുപ്പിന്റെ പ്ലാൻ പ്രിയോറിറ്റി ലിസ്റ്റ് പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിന് പരാമർശം (8) പ്രകാരം സമഗ്ര ഭരണാനുമതി നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, പരാമർശം (4, 5) യോഗതീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ 'കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം-2024' പദ്ധതിക്കായി സബ്സിഡി ശീർഷകത്തിൽ (2425-108-24) നിന്നും ആദ്യഗഡുവായി 111.5 ലക്ഷം രൂപ (നൂറ്റിപ്പതിനൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത തുക, പരാമർശം (7) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2024-25സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/22/2025/ധന)
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 22-02-2025 12:37:51
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്
3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ